**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 170** **23-08-2022 - ൽ മറുപടിയ്ക്ക്**

**ഫയൽ തീർപ്പാക്കൽ യജ്ഞം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഫയൽ തീർപ്പാക്കൽ യജ്ഞത്തിനു ജീവനക്കാരുടെ ഭാഗത്ത് നിന്ന് പൂർണ്ണ സഹകരണം ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഉണ്ട്. 04.06.2022 തീയതിയിലെ സ.ഉ.(കൈ) നം.11/2022/ഉ.ഭ.പവ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ചീഫ് സെക്രട്ടറി അംഗീകൃത സർവ്വീസ് സംഘടനകളുടെ പ്രതിനിധികളുമായി ഓൺലൈൻ യോഗം നടത്തി സഹകരണം ഉറപ്പാക്കിയിട്ടുണ്ട്. |
| (ബി) | അവധിദിവസമായ 2022 ജൂലൈ 3 ഞായറാഴ്ച എത്ര ശതമാനം ജീവനക്കാർ ഓഫീസുകളിൽ ഹാജരായെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (ബി) | സർക്കാരിന്റെ അഭ്യർത്ഥനയോട് ക്രിയാത്മകമായ പ്രതികരണമാണ് ജീവനക്കാരുടെ ഭാഗത്തു നിന്നും ഉണ്ടായിട്ടുള്ളതെന്ന് സർക്കാർ വിലയിരുത്തിയിട്ടുണ്ട്. അവധി ദിവസമായിരുന്നതിനാൽ അന്നേ ദിവസം ഹാജർ നിർബന്ധമായിരുന്നില്ല. സാധാരണ ഓഫീസ് സമയം മുഴുവനും ജോലി ചെയ്യുക എന്ന നിർബന്ധവും ഉണ്ടായിരുന്നില്ല. ആയതിനാൽ ഹാജർ വിവരങ്ങൾ പൂർണ്ണമായും ലഭ്യമല്ല. |
| (സി) | ഒറ്റ ദിവസം എത്ര ഫയലുകളാണ് തീർപ്പാക്കിയതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (സി) | ജൂലൈ 23 ഞായറാഴ്ച ദിവസത്തെ മാത്രമായ വിവരങ്ങൾ ലഭ്യമല്ല. |
| (ഡി) | എത്രകാലമായി കെട്ടികിടക്കുന്ന ഫയലുകളാണ് ഒറ്റ ദിവസം കൊണ്ട് തീർപ്പാക്കിയതെന്ന് വ്യക്തമാക്കാമോ; ഒറ്റദിവസം കൊണ്ട് തീർപ്പാക്കാൻ പറ്റുന്ന ഫയലുകൾ വർഷങ്ങളായിട്ടും തീർപ്പാക്കാൻ പറ്റാതിരുന്നത് എന്ത് കൊണ്ടായിരുന്നു എന്ന് വ്യക്തമാക്കാമോ; | (ഡി) | സംസ്ഥാനത്തെ ഭരണ സിരാകേന്ദ്രം മുതൽ താഴെതലം വരെയുള്ള ജീവനക്കാരുടെ സഹകരണത്തോടെ, ഓഫീസുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ കഴിയുമെന്ന വിശ്വാസമാണ് സർക്കാരിനുള്ളത്. ഒരു ചെറിയ വിഭാഗമൊഴികെ വലിയ പങ്ക് ജീവനക്കാരും തങ്ങളുടെ ചുമതലകൾ നിർവ്വഹിക്കുന്നതിന് പരിശ്രമിക്കുന്നവരാണെന്ന കാഴ്ചപ്പാടാണ് ഇക്കാര്യത്തിലുള്ളത്. അവധി ദിവസത്തെ പ്രവർത്തനം അത് ശരിയെന്ന് തെളിയിക്കുന്നതാണ്. |
| (ഇ) | ഏറ്റവും കൂടുതൽ ഫയലുകൾ കെട്ടിക്കിടന്നിരുന്നത് ഏത് ജില്ലയിൽ ഏത് വകുപ്പിലായിരുന്നു എന്നും വ്യക്തമാക്കാമോ; | (ഇ) | സംസ്ഥാനത്തെ ഭരണ സിരാകേന്ദ്രം മുതൽ താഴെതലം വരെയുള്ള ജീവനക്കാരുടെ സഹകരണത്തോടെ, ഓഫീസുകളുടെ പ്രവർത്തനം |

| | | | |
|---|---|---|---|
| | | | മെച്ചപ്പെട്ടുത്തുവാൻ കഴിയുമെന്ന വിശ്വാസമാണ് സർക്കാരിനുള്ളത്. ഒരു ചെറിയ വിഭാഗമൊഴികെ വലിയ പങ്ക് ജീവനക്കാരും തങ്ങളുടെ ചുമതലകൾ നിർവ്വഹിക്കുന്നതിന് പരിശ്രമിക്കുന്നവരാണെന്ന കാഴ്ചപ്പാടാണ് ഇക്കാര്യത്തിലുള്ളത്. അവധി ദിവസത്തെ പ്രവർത്തനം അത് ശരിയെന്ന് തെളിയിക്കുന്നതാണ്. |
| (എഫ്) | തീർപ്പാക്കാതെ നീണ്ടകാലം സർക്കാർ ഓഫീസുകളിൽ ഫയൽ കെട്ടിക്കിടക്കുന്നത് എന്തുകൊണ്ടാണെന്നാണ് ഒറ്റ ദിവസത്തെ യജ്ഞം കൊണ്ട് ബോധ്യപ്പെട്ടതെന്ന് വ്യക്തമാക്കാമോ? | (എഫ്) | സംസ്ഥാനത്തെ ഭരണ സിരാകേന്ദ്രം മുതൽ താഴെതലം വരെയുള്ള ജീവനക്കാരുടെ സഹകരണത്തോടെ, ഓഫീസുകളുടെ പ്രവർത്തനം മെച്ചപ്പെട്ടുത്തുവാൻ കഴിയുമെന്ന വിശ്വാസമാണ് സർക്കാരിനുള്ളത്. ഒരു ചെറിയ വിഭാഗമൊഴികെ വലിയ പങ്ക് ജീവനക്കാരും തങ്ങളുടെ ചുമതലകൾ നിർവ്വഹിക്കുന്നതിന് പരിശ്രമിക്കുന്നവരാണെന്ന കാഴ്ചപ്പാടാണ് ഇക്കാര്യത്തിലുള്ളത്. അവധി ദിവസത്തെ പ്രവർത്തനം അത് ശരിയെന്ന് തെളിയിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ